കുട്ടികൾക്കായുള്ള ബൈബിൾ

അവതരണം

# നല്ല ശമര്യാക്കാരൻ



എഴുതിയത് : Edward Hughes

ഉദാഹരണം : M. Maillot; Lazarus

അംഗികരിച്ചത് : Ruth Klassen; Sarah S.

Alastair Paterson

തർജ്ജിമ ചെയ്യതത് : Rev. Benny

നിർമ്മിച്ചത് : Bible for Children
www.M1914.org

©2020 Bible for Children, Inc.
കോപ്പിചെയ്യുവാനും മുദ്രണം ചെയ്യുവാനും അധികാരം ഉണ്ട്.
ഒരിക്കലും വിൽക്കരുത്.


“ഗുരോ നിത്യജീവൻ പ്രാപിക്കേ
തിനു ഞാൻ
എന്തുചെയ്യേണം?”
യേശുവിനെ കുടുക്കുവാൻ
വേി യേശുവിനോടു
ഇങ്ങനെ
ചോദിച്ചത് ഒരു
ന്യായാധിപൻ ആയിരുന്നു.



കർത്താവ് അവനോട്
“ദൈവത്തിന്റെ
ന്യായപ്രമാണം
എന്തുപറയുന്നു”
എന്നു
ചോദിച്ചു. ആ
മനുഷ്യൻ പറഞ്ഞു, ...



… “ദൈവത്തെയും
അയൽക്കാരനെയും
സ്നേഹിക്കുക.”
പക്ഷേ, “ആരാണ്
എന്റെ
അയൽക്കാരൻ?”
അവൻ ചോദിച്ചു.

ആ മനുഷ്യന്റെ ചോദ്യത്തിന് ഉത്തരം
കൊടുക്കുവാൻവേി,
യെരുശലേമിൽ
നിന്നു ...



... യെരീഹോവിലേക്ക് പോകുന്ന വഴിയിൽ
യാത്ര ചെയ്യുന്ന
ഒരു മനുഷ്യന്റെ
കഥ പറഞ്ഞു.



ആ മനുഷ്യൻ കള്ളന്മാരാൽ
ആക്രമിക്കപ്പെട്ടു.





ആ കള്ളന്മാർ, തങ്ങൾ ക സകല
വസ്തുക്കളും മോഷ്ടിച്ചെടുത്തു.
ഹതഭാഗ്യനായ ആ
യാത്രക്കാരന്റെ
വസ്ത്രം കൂടെ അവർ
എടുത്തു കൊാു പോയി.


അവർ അവനെ വല്ലാതെ
മുറിവേല്പിച്ചിരുന്നു. അർധപ്രാണനായ
അവനെ വഴിയരികിൽ
ഉപേക്ഷിച്ചിട്ട്
അവർ കടന്നു കളഞ്ഞു.


അപ്പോൾ അതാ
സന്ദർഭവശാൽ ഒരു
പുരോഹിതൻ
അതുവഴി
വരുന്നു.


നിശ്ചയമായും അദ്ദേഹം
മുറിവേറ്റ ആ മനുഷ്യനെ
സഹായിച്ചേക്കും.
ഇല്ല, സഹായിച്ചില്ല! രക്തം വാർന്നു ...



... പൊയ്ക്കൊരിക്കുന്ന
അവസ്ഥയിൽ ആ
മനുഷ്യനെ
കപ്പോൾ
അദ്ദേഹം വഴിയുടെ
മറ്റേ വശത്തുകൂടെ നീങ്ങി നടന്നുപോയി.


അധികം താമസിക്കാതെ തന്നെ മറ്റൊരാൾ
നടന്നുവരുന്നതിന്റെ കാലൊച്ച കേട്ടു.
അത് ദേവാലയത്തിൽ
പുരോഹിതനെ
സഹായിക്കുന്ന
ഒരു ലേവ്യൻ ആയിരുന്നു.


അവൻ കുനിഞ്ഞ് ആ മുറിവേറ്റ മനുഷ്യനെ
നോക്കി, എന്നിട്ട് അവനെ
സഹായിക്കാതെ
നടന്നുപോയി.


ഒടുവിലായി ഒരു ശമര്യാക്കാരനും
വന്നു. ശമര്യരെ
വെറുക്കുന്നവരാണ്
യഹൂദന്മാർ.



യേശുവിന്റെ കഥ ശ്രദ്ധിച്ചുകൊിരുന്ന ജനം പ്രതീക്ഷിച്ചു. ആ

ശമര്യാക്കാരനായിരിക്കും ...


... നായകൻ എന്ന്. അതേ, അവൻ
തന്നെയായിരുന്നു. ശമര്യാക്കാരൻ
അവനെ കരുതുകയും
സഹായിക്കുകയും
ചെയ്തു.

ആ ശമര്യാക്കാരൻ
മുട്ടുകുത്തി,
അപരിചിതന്റെ
മുറിവുകൾ
ശ്രദ്ധയോടെ വെച്ചു
കെട്ടുകയും ചെയ്തു.



പിന്നെയവൻ മുറിവേറ്റവനെ തന്റെ കഴുതപ്പുറത്ത് കയറ്റി കൊടുപോയി.




വഴിയരികെയുള്ള ഒരു
സത്രത്തിൽ ആ ശമര്യാക്കാരൻ
അവനെ
ആക്കുകയും രാത്രി മുഴുവൻ
ശുശ്രൂഷിക്കുകയും
ചെയ്തു.


രാവിലെയായപ്പോൾ, മുറിവേറ്റ
മനുഷ്യന് സൗഖ്യം വരുന്നതു
വരെ അവനെ
...


... ശുശ്രൂഷിക്കേതിനു
ആവശ്യമായ പണം സത്രമുടമയ്ക്കു
ശമര്യാക്കാരൻ
കൊടുത്തു.

കഥ തീർന്നു. യേശു ചോദിച്ചു,
“മുറിവേറ്റ മനുഷ്യന്റെ
അയല്ക്കാരൻ





ആരായിരുന്നു”?







ന്യായാധിപൻ മറുപടി
പറഞ്ഞത് അവനോട്
കരുണ കാണിച്ച ആ
ശമര്യാക്കാരൻ
ആയിരുന്നു എന്നാണ്.


“പോയി അതുപോലെ
ചെയ്ക”
എന്ന് യേശു
അവനോട്
പറഞ്ഞു.
അയല്ക്കാരൻ
എന്നാൽ
ആവശ്യത്തിലായിരിക്കുന്നവനാണ്.


ആവശ്യത്തിലിരിക്കുന്ന മനുഷ്യനെ
സഹായിച്ചുകൊ്
നമുക്ക് അവരെ
സ്നേഹിക്കുവാൻ
കഴിയും. അത്
ദൈവത്തിനു
പ്രസാധവുമാകും.

നല്ല ശമര്യാക്കാരൻ

ദൈവവചനത്തിൽ നിന്നും ഒരു കഥ.

ബൈബിളിൽ നിന്നുംഎടുത്തത്.

ലൂക്കൊസ് 10

"നിങ്ങളുടെ പ്രവേശന വാക്ക് വെളിച്ചം പകരട്ടെ."
സങ്കിർത്തനം 119:130

അവസാനം

അദ്ഭുദവനായ ദൈവം നമ്മളെ സൃഷ്ടിച്ചുവെന്നും
നാം ദൈവത്തെ അറിയണമെന്നും ബൈബിൾ പറയുന്നു.

നാം തെറ്റുകാർ ആണെന്ന് ദൈവത്തിനറിയാം അതിനെ
പാപമെന്ന് വിളിക്കുന്നു പാപത്തിനുള്ള ശിക്ഷ മരണമാണ്
.എന്നാൽ ദൈവം നമ്മളെ സ്നേഹിച്ചതുകൊണ്ട് തന്റെ
മകനായ യേശുവിനെ നമ്മുടെ പാപങ്ങൾക്ക്  വേണ്ടി
ക്രൂശിൽ മരിക്കേണ്ടതിന് ഈ ലോകത്തിലേക്ക് അയച്ചു
യേശു മരണത്തിൽനിന്നും ഉയിർത്തെഴുന്നേറ്റു
സ്വർഗ്ഗത്തിൽ പോയി. യേശുവിൽ വിശ്വസിക്കുകയും.
നമ്മുടെ പാപങ്ങൾ  ഏറ്റുപറയുകയും ചെയ്താൽ നമ്മുടെ
പാപങ്ങളെ ക്ഷമിച്ച്  യേശു നമ്മുടെ ഹൃദയത്തിൽ
വസിക്കുകയും നാം അവനിലും നിരന്തരം വസിക്കുകയും
ചെയ്യും.

ഇത് നിങ്ങൾ വിശ്വസിക്കുന്നു
എങ്കിൽ ദൈവത്തോട് ഈപ്രകാരം പറയുക

പ്രിയ യേശുവേ നീ ദൈവമാണെന്നു ഞാൻ വിശ്വസിക്കുന്നു, എന്റെ പാപങ്ങൾക്കായി മരിപ്പാൻ മനുഷ്യനായി നീ വന്നു. നീ ഇപ്പോഴും ജീവിക്കുന്നു എന്റെ ഹൃദയത്തിലേക്ക് വന്നു എന്റെ പാപങ്ങൾ ക്ഷമിക്കേണമേ എനിക്ക് പുതിയൊരു ജീവിതം തരേണമേ. ഒരു ദിവസം നിന്നോട് കൂടെ ഞാൻ നിരന്തരം ആയിരിക്കും നിനക്ക് വേണ്ടി ജീവിപ്പാനും, അനുസരിപ്പാനും നിന്റെ മകനായിരിപ്പനും സഹായിക്കേണമേ, ആമേൻ.

എല്ലാദിവസവും ബൈബിൾ വായിക്കുകയും ദൈവത്തോട് സംസാരിക്കുകയും ചെയുക. യോഹന്നാൻ 3:16